**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 315 — 11. 06. 2012 - ൽ മറുപടിക്ക്

## സൈൻ ബോർഡ് അഴിമതിക്കേസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ..കെ.രാജു | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) സൈൻ ബോർഡ് അഴിമതിക്കേസ് എന്നാണ് രജിസ്റ്റർ ചെയ്തത്, ഈ കേസുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ അന്വേഷണം നടന്നിട്ടുണ്ട്; | (എ) നാഷണൽ ഹൈവേയിൽ സൈൻ ബോർഡ് സ്ഥാപിച്ചതു സംബന്ധിച്ച് ഉണ്ടായ ആരോപണങ്ങളുമായി ബന്ധപ്പെട്ട് 06.11.2004 - ൽ വി.സി.09/2004/എസ്.ഐ.യു - I നമ്പർ ആയി കേസ്സ് രജിസ്റ്റർ ചെയ്തു. ഈ കേസുമായി ബന്ധപ്പെട്ട് മൂന്നു പേർക്കെതിരെ അന്വേഷണം നടന്നിട്ടുണ്ട്.<br>1) ശ്രീ.പി.സി.കുട്ടപ്പൻ,<br>മുൻ ചീഫ് എഞ്ചിനീയർ ( റിട്ടയേർഡ്)<br>പൊതുമരാമത്ത് വകുപ്പ്.<br>2) ശ്രീ.ജോസഫ് മാത്യു,<br>ചീഫ് എഞ്ചിനീയർ,<br>പൊതുമരാമത്ത് വകുപ്പ്.<br>3) ശ്രീ.ഹബീബ് റഹ്മാൻ,<br>മാനേജിംഗ് ഡയറക്ടർ,<br>പടിയത്ത് ഡയറി പ്രൈവറ്റ് ലിമിറ്റഡ്,<br>കൊച്ചി. |
| (ബി) ടെൻഡർ വിളിക്കാതെ സൈൻ ബോർഡിന് കരാർ നൽകിയതിനു പിന്നിൽ വൻ അഴിമതി നടന്നിട്ടുണ്ടെന്നുള്ള ആക്ഷേപത്തെക്കുറിച്ച് ഏതെല്ലാം രീതിയിലുള്ള അന്വേഷണം നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ടെൻഡർ വിളിക്കാതെ സൈൻബോർഡിന് കരാർ നൽകിയതിനു പിന്നിൽ നടന്നിട്ടുള്ള അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് കേസ് (വി.സി.09/2004/എസ്.ഐ.യു - I) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. |

| | |
|---|---|
| (സി) പ്രസ്തുത അന്വേഷണങ്ങളുടെ വെളിച്ചത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) വി.സി.09/2004/എസ്.ഐ.യു-1 ന്റെ അന്വേഷണം പൂർത്തിയാക്കി 03.12.2011 - ൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ടി കേസിൽ പ്രതികളെ കുറ്റ വിചാരണ നടത്തേണ്ട ആവശ്യമില്ലെന്നും ഒന്നാം പ്രതി ശ്രീ.പി.സി.കുട്ടപ്പനെതിരെ പാർട്ട് - III കേരള സർവ്വീസ് റൂൾ 59 (b) പ്രകാരം നടപടി സ്വീകരിക്കുന്നതിനും രണ്ടാം പ്രതി ശ്രീ.ജോസഫ് മാത്യുവിനെതിരെ വകുപ്പുതലനടപടി സ്വീകരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 19.04.2012 - ൽ കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ